# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 492** | **12.06.2012 ൽ മറുപടിയ്ക്ക്**

## വാർഷിക വായ്പ അവലോകന റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ നിർത്തലാക്കാൻ ആർ.ബി.ഐ തയ്യാറാക്കിയ വാർഷിക വായ്പ അവലോകന റിപ്പോർട്ടിൽ നിർദ്ദേശമുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 2012-13 ലെ വാർഷിക അവലോകന നയത്തിൽ ഗ്രാമീണ സഹകരണ വായ്പാഘടനയെയും സ്ഥാപനങ്ങളെയും ശക്തിപ്പെടുത്തുന്നതിനും, ഘടനാപരമായ തടസ്സങ്ങളെപ്പറ്റി പരിശോധിക്കുന്നതിനും കുറഞ്ഞ ചെലവിൽ വായ്പ നൽകുന്നതിനും, നിലവിലുള്ള ത്രിതല സംവിധാനത്തിനു പകരം, ദ്വിതല സംവിധാനം നടപ്പിലാക്കുന്നതിന്റെ പ്രായോഗികതയെപ്പറ്റിയും വിശദമായി പഠിക്കുന്നതിനായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതിനും നിർദ്ദേശമുണ്ട്. |
| (ബി) പ്രസ്തുത റിപ്പോർട്ടിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെയും സഹകരണ സംഘങ്ങളെയും ബാധിക്കുന്ന പരാമർശങ്ങൾ വിശദമാക്കുമോ? | (ബി) പ്രസ്തുത റിപ്പോർട്ടിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെയും സംഘങ്ങളെയും സംബന്ധിച്ച് പ്രത്യേകം പരാമർശിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ